28/01/22

DESPATCHED
On. 04/03/22

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം, തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920

E-mail: sic.ker@nic.in

ഹർജി നമ്പർ **AP. 2463*(2)/2019*/***എസ്.ഐ.സി*തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നമ്പർ **18589**/*എസ്.ഐ.സി-ജി 6/2019*)

സന്നിഹിതൻ

**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീ. മംഗലത്തുകോണം സുധി,
രാഗം നിവാസ്, പുത്തൻകാനം,
കട്ടച്ചൽക്കുഴി (പി.ഒ),
തിരുവനന്തപുരം - 695 501. } അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ & ഡെപ്യൂട്ടി തഹസിൽദാർ(എൽഎ സെക്ഷൻ), താലൂക്ക് ഓഫീസ്, തിരുവനന്തപുരം.
2. അപ്പീൽ അധികാരി & തഹസിൽദാർ, താലൂക്ക് ഓഫീസ്, കോട്ടയ്ക്കകം, തിരുവനന്തപുരം- 695 023.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 19/06/2019 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 26/07/2019 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 24/08/2019 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 18/11/2019 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 18/11/2019 |
| ഹിയറിംഗ് നടന്ന തീയതി | 12/01/2022 - ഓഡിയോ ഹിയറിംഗ് |
| ഹിയറിംഗിലെ സാന്നിദ്ധ്യം: അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായില്ല<br>ഹാജരായി |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരനായ ശ്രീ. മംഗലത്തുകോണം സുധി 18/11/2019 തീയതി സമർപ്പിച്ച അപ്പീൽ ഹർജി അന്നേ ദിവസം തന്നെ കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് AP.No. 2463(2)/2019/SIC ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, വിവരാവകാശ അപേക്ഷക്കും, ഒന്നാം അപ്പീലിനും ലഭിച്ച മറുപടി തൃപ്തികരമല്ല എന്ന ആക്ഷേപമാണ്.

3. അപ്പീൽ ഹർജിക്കാരൻ 19/06/2019-ൽ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് തിരുമല വില്ലേജിൽ ബ്ലോക്ക് നമ്പർ 10-ൽ റീ സർവേ 24-ൽപ്പെട്ട 26.20 ആർ ഭൂമി പതിവിന് വിധേയമായാണ് അറിയിച്ചിരുന്നുവെന്നും ടി സ്ഥലം മുൻ സർവേ 102/7-ൽ 9.85 ഏക്കർ കാടു തരിശിൽപ്പെട്ട പുറമ്പോക്ക് എന്നു കാണുന്നുവെന്നും, ടി സ്ഥലത്ത് നിന്നും ഇതുവരെ പതിച്ചു നൽകിയിട്ടുള്ള ഭൂമിയുടെ വിവരം അപേക്ഷ നൽകിയിട്ടുള്ള തിൽ അവശേഷിക്കുന്ന അപേക്ഷകൾ ഉണ്ടെങ്കിൽ അതിന്റെ വിവരവും ബാക്കി എത്ര സ്ഥലം ഇനി പതിച്ചു നൽകാൻ അവശേഷിക്കുന്നു എന്ന വിവരവും ലഭ്യമാക്കണ മെന്നതാണ്.

മേൽപ്പടി അപേക്ഷയിന്മേൽ എസ്.പി.ഐ.ഒ മറുപടിയും നൽകിയിട്ടുണ്ട്.

4. ഹർജിക്കാരന്റെ 26/07/2019-ലെ അപ്പീൽ അപേക്ഷയ്ക്ക് രണ്ടാം എതിർകക്ഷി 24/08/2019-ന് മറുപടിയും നൽകിയിട്ടുണ്ട്.

5. 16/12/2019 തീയതി രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, വിവരാവകാശ നിയമ പ്രകാരം കക്ഷി തിരുമല വില്ലേജിൽ ബ്ലോക്ക് നമ്പർ 10-ൽ റീസർവ്വെ 24-ൽപ്പെട്ട 26.20 ആർ ഭൂമി പതിവിന് വിധേയമായതും ടി സ്ഥലം മുൻ സർവ്വെ 102/7-ൽ 9.85 ഏക്കർ കാടു തരിശിൽ നിന്നും പട്ടയം നൽകിയിട്ടുള്ളത് സംബന്ധിച്ച വിവരങ്ങളാണ് ആവശ്യപ്പെട്ടിരുന്നതെന്നും ആയതിന് എസ്.പി.ഐ.ഒ/എൽഎ സൂപ്രണ്ട് എൽ.എ2-12870/19-ാം നമ്പരായി നൽകിയ മറുപടിയിൽ ആക്ഷേപമുന്നയിച്ച് ഒന്നാം അപ്പീൽ സമർപ്പിക്കുകയും ടി ഒന്നാം അപ്പീലിന്മേൽ തുടർ നടപടികൾ സ്വീകരിച്ച് കക്ഷി ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കുന്നതിനായി എൽ.എ II രജിസ്റ്ററും ലഭ്യമായ പട്ടയ വിതരണ രജിസ്റ്ററും ഓഫീസ് സമയത്ത് പരിശോധിക്കുവാൻ കക്ഷിക്കും അനുവാദം നൽകണമെന്ന് എസ്.പി.ഐ.ഒ/എൽഎ സൂപ്രണ്ടിന് നിർദ്ദേശം നൽകിയെന്നും അപ്പീൽ തീർപ്പാക്കി എ7-28435/19-ാം നമ്പരായി നടപടിക്രമം പുറപ്പെടുവിച്ച് അപ്പീൽ കക്ഷിക്കും എസ്.പി.ഐ.ഒ-യ്ക്കും നൽകിയിട്ടുള്ളതുമാണെന്നു മാണ്.

6. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും എതിർകക്ഷിയെ കേട്ടതിലും പ്രസ്തുത ഹർജിക്കാരന്റെ അപേക്ഷയുമായി ബന്ധപ്പെട്ട രജിസ്റ്ററുകൾ പരിശോധിച്ച് ഒരു മാസത്തിനകം ലഭ്യമായ വിവരം അപേക്ഷകന് നൽകണ മെന്ന് കമ്മീഷൻ ഒന്നാം എതിർകക്ഷിയ്ക്ക് നിർദ്ദേശം നൽകുന്നു.

7. മേൽ പ്രസ്താവിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ ഈ അപ്പീൽ ഹർജി ഇന്നേദിവസം 2022 ജനുവരി 28-ാം തീയതി കമ്മീഷൻ തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)
**ഡോ.കെ.എൽ.വിവേകാനന്ദൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**ജോയിന്റ് സെക്രട്ടറി**

AV